**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3078** **07-10-2025 - ൽ മറുപടിയ്ക്ക്**

**വിളപ്പിൽശാല പഞ്ചായത്തിലെ കടുമ്പുപാറയിൽ സ്ഥാപിക്കുന്ന വാട്ടർ ടാങ്കിന്റെ വിശദാംശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | വിളപ്പിൽശാല പഞ്ചായത്തിലെ കടുമ്പുപാറയിൽ സ്ഥാപിക്കുന്ന ജൽജീവൻ മിഷന്റെ ഭാഗമായുള്ള വാട്ടർ ടാങ്കിന്റെ അനുബന്ധ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ; ഇതിനായി അനുമതി ലഭ്യമായ തുക എത്രയെന്ന് വ്യക്തമാക്കാമോ; | (എ) | വിളപ്പിൽശാല പഞ്ചായത്തിലെ കടുമ്പുപാറയിൽ സ്ഥാപിക്കുന്ന ജൽ ജീവൻ മിഷന്റെ ഭാഗമായുള്ള ഒരു ലക്ഷം സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണിയുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായി. 65 കുടിവെള്ള കണക്ഷനുകൾ കൊടുത്തു. ചെറുകോട് കോളനി മുതൽ കടുമ്പുപാറ വരെ 100 എംഎം ന്റെ DI പൈപ്പ് ലൈൻ ഇടുന്ന പ്രവൃത്തികൾ 80% പൂർത്തിയായി. ഇതിനായി 6 കോടി 74 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ എന്ന് പൂർത്തിയാക്കാനാകും; വിശദാംശം ലഭ്യമാക്കാമോ? | (ബി) | ചെറുകോട് കോളനിയിൽ പഞ്ചായത്ത് സ്ഥലം അനുവദിച്ചെങ്കിലും പൊതുജനങ്ങളുടെ എതിർപ്പ് കാരണം കേരള വാട്ടർ അതോറിറ്റിക്ക് സ്ഥലം കൈമാറ്റം ചെയ്തിട്ടില്ല. സ്ഥലം കൈമാറ്റം ചെയ്ത് കിട്ടുന്ന മുറക്ക് നിർമാണ പ്രവൃത്തികൾ പൂർത്തീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ